DESPATCHED
22/06/2020
07/05/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.2023(4)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.13020/SIC-Gen 2/2015**

സന്നിഹിതൻ

ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. സി. കൃഷ്ണൻ,
അഡ്വക്കേറ്റ്,
യോഗശാല റോഡ്,
കണ്ണൂർ –1. — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സെക്രട്ടറി,
   കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്,
   കല്ല്യാശ്ശേരി പി.ഒ., കണ്ണൂർ.

2. അപ്പീൽ അധികാരി &
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
   കണ്ണൂർ.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 18.02.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 03.03.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 16.03.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 28.04.2015 |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 01.08.2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 05.08.2015 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കണ്ണൂർ കല്യാശ്ശേരി പഞ്ചായത്ത് രണ്ടാം വാർഡിൽ ന്യൂ കേരളാ സ്പോർട്സ് ക്ലബ്ബിനു സമീപം റീസർവെ 84/4ൽപ്പെട്ട സ്വത്തിൽ ശ്രീ ലങ്കം മഠത്തിൽ ശ്രീനിവാസൻ എന്നയാൾക്ക് വീട്, കിണർ, കക്കൂസ്, എന്നിവ നിർമി ക്കുന്നതിന് അനുവദിച്ച പ്ലാനിന്റെയും, സൈറ്റ് പ്ലാനിന്റെയും കോപ്പി ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷന്റെ നിർദ്ദേശപ്രകാരം രണ്ടാം എതിർകക്ഷി 19.09.15ൽ കമ്മീഷന് റിപ്പോർട്ട് നൽകി.

3. കെട്ടിട നിർമാണ പെർമിറ്റിനുള്ള അപേക്ഷ രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ തുടങ്ങിയവയിൽ സർവെ നമ്പർ മുതലായവ രേഖപ്പെടുത്താറുണ്ടെങ്കിലും, കെട്ടിട ഉടമസ്ഥന്റെ പേരു മാത്രം ഉപയോഗിച്ചുകൊണ്ട് വിവരങ്ങൾ നൽകുക ബുദ്ധി മുട്ടാണെന്ന് അപ്പീൽ അധികാരി നിരീക്ഷിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട രജിസ്റ്ററുകൾ സൗജന്യമായി പരിശോധിക്കാൻ ഹർജിക്കാരന് അവസരം നൽകാനും, ആവശ്യപ്പെടുന്ന പകർപ്പുകൾ ഹർജിക്കാരന് സൗജന്യമായി നൽകാനും സെക്രട്ടറി/SPIOയ്ക്ക് നിർദ്ദേശം നൽകുകയും, ആ വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തിരുന്നുവെന്ന് റിപ്പോർട്ടിൽ പറഞ്ഞു.

4. ഇതിനുശേഷം കമ്മീഷൻ 29.06.19ൽ കണ്ണൂർ കളക്ടറേറ്റിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി പങ്കെടുത്തു. നൂറു കണക്കിനു പെർമിറ്റുകൾ ഉള്ളതുകൊണ്ട് നമ്പർ അറിയാതെ പരിശോധിച്ചു കണ്ടെത്തുക ക്ലേശകരമാണെന്നും, അപേക്ഷകൻ പെർമിറ്റിന്റെ വർഷം പോലും പറഞ്ഞിരുന്നില്ലെന്നും, അതുകൊണ്ടാണ് അപേക്ഷകനോട് ഓഫീസിലെത്തി പരിശോധിച്ച് കണ്ടെത്താൻ ആവശ്യപ്പെട്ടതെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

5. ഒന്നാം എതിർകക്ഷിയുടെ മൊഴിയും, അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. നൂറുകണക്കിന് പെർമിറ്റുകളിൽ നിന്ന് അവയുടെ വർഷം പോലും മനസിലാക്കാതെ അപേക്ഷകൻ ആവശ്യപ്പെട്ട രേഖ കണ്ടെത്തുക ബുദ്ധിമുട്ടാണെന്ന ഒന്നാം എതിർകക്ഷിയുടെ വാദം കമ്മീഷൻ കണക്കിലെടുക്കുന്നു. ഒരു ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന വിധത്തിൽ രേഖകൾ പരിശോധിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ, അപേക്ഷകനോട് ഓഫീസിലെത്തി പരിശോധിക്കാൻ പറഞ്ഞതിൽ തെറ്റു പറയാനാകില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ എതിർകക്ഷികളുടെ നിലപാട് കമ്മീഷൻ ശരിവയ്ക്കുന്നു.

6. ആയതുകൊണ്ട് അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം, 2020 മേയ് മാസം 7-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
കെ.വി.സുധാകരൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

gk.